സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ്

25 (*715) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്. സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് ആരംഭിക്കുന്നതിലേക്കായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് വിശദമായ പദ്ധതി രേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ആസൂത്രണ വകുപ്പിന്റെ അനുമതി ലഭ്യമാക്കി പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന വികസന ക്ഷേമ സുരക്ഷിതത്വ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, വിവിധ വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ, സർക്കാർ സംബന്ധിയായ കാര്യങ്ങൾ, നടപടിക്രമങ്ങൾ, ഉത്തരവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നേരിട്ടും വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ഹെൽപ്പ് ഡസ്ക്, സർവ്വീസ്, സർക്കാർ പ്രസിദ്ധീകരണങ്ങൾ, ഗസറ്റുകൾ, മാധ്യമവാർത്തകൾ, ഗ്രന്ഥങ്ങൾ എന്നിവ സംബന്ധിച്ച റഫറൻസ് സൗകര്യം, ടച്ച് സ്ക്രീനിലൂടെ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം, സർക്കാർ സംബന്ധിയായ വിവരങ്ങളും വാർത്തകളും 'വീഡിയോ ഡിസ്പ്ലേ യൂണിറ്റിലൂടെ' പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സംവിധാനം എന്നിവ നടപ്പിലാക്കാനാണ് സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബിലൂടെ ലക്ഷ്യമിടുന്നത്.

(സി) സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഐ.റ്റി.മിഷൻ, സാങ്കേതിക സഹായം ലഭ്യമാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് ശാസ്ത്ര സാങ്കേതിക വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരുടെ സഹായത്തോടെയാണ് ടി പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 25-11-2013-ൽ സ.ഉ(സാധാ)നമ്പർ. 459/13/ഐ.&പി. ആർ പ്രകാരം ഇൻഫർമേഷൻ ഹബ്ബിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മുൻ സാമ്പത്തിക വർഷം ഐ.ടി. വകുപ്പ് പദ്ധതിയിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനാൽ ഈ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഐ.ടി. വകുപ്പിന്റെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ 17-6-2014-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇൻഫർമേഷൻ ഹബ്ബിന് പ്രത്യേക തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഫയൽ ധനവകുപ്പിന്റെ അനുമതിക്കായി നൽകുകയും ധനവകുപ്പ് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്ലാനിംഗ് വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കിയ ശേഷം ഇൻഫർമേഷൻ ഹബ്ബ് അരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൃഗസംരക്ഷണത്തിന് ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്

26 (*716) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ്:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) എവിടെയൊക്കെയാണ് ഇത് നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് 2009-2010 സാമ്പത്തികവർഷം മുതൽ 2012-13 വരെ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ധനസഹായവും പങ്കാളിത്തവും ലഭ്യമാക്കിക്കൊണ്ട് എ.പി.എൽ./ബി.പി.എൽ. ഭേദമില്ലാതെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിവിധ മൃഗസംരക്ഷണ ഉപാധികൾ ചെറിയ യൂണിറ്റുകളായി കർഷകരിൽ എത്തിക്കുകയും അതിലൂടെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly